# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം പി-13/2097/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/11/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം പി-13/2097/24 തീയ്യതി: 20/11/2024

# കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജികുമാർ.ജി | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2024 | 07-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-11-2024 | 07-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലാലു.ആർ,ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺജിത്ത്.ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ.ജെ,സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വൽസലകുമാരി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. വിനോദ് കുമാർ ബി. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സേതുകുമാരി യു. | അസി. സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീമതി ബിജി പി | അസി. സെക്രട്ടറി | 01-06-2023 | 31-03-2024 |
| ശ്രീ. നന്ദുകുമാർ കെ. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ഉമേഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. സനിത്ത് എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. വിനോദ് വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. സിനിൽ കുമാർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. മുഹമ്മദ് ഷാഫി | മെഡിക്കൽ ഓഫീസർ ( പി എച്ച് സി) | 01-04-2023 | 18-06-2023 |
| ഡോ.അജു | മെഡിക്കൽ ഓഫീസർ ( പി എച്ച് സി) | 19-06-2023 | 31-03-2024 |
| ഡോ. ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.ഡോളി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 13-07-2023 |
| ഡോ.സീമ ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-07-2023 | 11-09-2023 |
| ഡോ.ഗീതു സുന്ദർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-09-2023 | 31-03-2024 |
| ശ്രീമതി സീന റ്റി. ജെ. | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഗോപിക എൽ. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2023 | 31-03-2024 |
| ശ്രീ. സനൽ എസ്. കാർത്തികേയൻ | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2023 | 31-03-2024 |
| ശ്രീമതി ആഷികാ ഗൗരി | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2023 | 31-03-2024 |
| ശ്രീമതി ലതികുമാരി അമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | റീകൺസിലിയേഷൻ പത്രികയിൽ ശരിയായ പാസ്സ് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വരവിനങ്ങളുടെ ഡി സി ബി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ, കുടിശിക തുകകൾ ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-7 |
| 9 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | വരവിനങ്ങൾ കൃത്യമായ ഹെഡിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയ വർഷം | 1-10 |
| 21 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 22 | സി എഫ് സി ഫണ്ടിന്റെ കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല | 1-12 |
| 23 | വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തിയായില്ല | 1-13 |
| 24 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു | 1-14 |
| 25 | കന്നുകുട്ടി പരിപാലനം -വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് | 1-15 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-16 |
| 27 | പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-17 |
| 28 | കിണർ നിർമ്മാണം - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-18 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പണി പൂർത്തീകരിച്ചിട്ടില്ല. | 1-19 |

| | | |
|---|---|---|
| 30 | പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കേബിൾ ചാർജും കറണ്ട് ചാർജും അടവാക്കി | 1-20 |
| 31 | ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-21 |
| 32 | മെൻസ്ട്രൽ കപ്പ് പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല | 1-22 |
| 33 | ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യാൻ അവശേഷിക്കുന്നു | 1-23 |
| 34 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-24 |
| 35 | ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക കൃത്യമായ ശീർഷകത്തിൽ വരവ് കാണിച്ച് തുടർ നടപടികൾ സ്വീകരിച്ചില്ല | 1-25 |
| 36 | ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി തുക അധികം നൽകി | 1-26 |
| 37 | ഹരിതകർമ്മസേന അവലോകനം | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കേബിൾ ചാർജും കറണ്ട് ചാർജും അടവാക്കി | 3-1 |
| 2 | ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി തുക അധികം നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുന്നത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീ പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനക പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20. തീയതിയിലെ 3(1) തീരുമാനം പ്രകാരം അംഗീകരിച്ച് 23.05.24 തീയതിയിൽ എയിംസില സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 21 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓ ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകു ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസി എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡി ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങ തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകള മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.20 അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പ നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 20-11-2024

**ഡെപ്യൂട്ടി ഡയറ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കെ
കേരള സംസ്ഥാന ഓഡിറ്റ് വ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ഓപ്പറേറ്റിങ് , ഇൻവെസ്റ്റിങ്, ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹1,54,39,362/-

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = ₹1,42,72,552/-

**1-1-3 റീകൺസിലിയേഷൻ പത്രികയിൽ ശരിയായ പാസ്സ് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ കേരളാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ പൊരുത്തപ്പെടുത പത്രികയിൽ 31.03.24 ലെ പാസ്സ്ബുക്ക് ബാലൻസായി ₹72,85,588/- ആണ് രേഖപ്പെടുത്തിയിട്ടുള യഥാർത്ഥ പാസ്സ്ബുക്ക് ബാലൻസ് ₹72,85,470/- ആണ്.

**1-1-4 വരവിനങ്ങളുടെ ഡി സി ബി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ, കുടിശിക തുകകൾ ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.**

താഴെ പറയുന്ന ഇനങ്ങളുടെ ഡി സി ബി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ, കുടിശിക തുക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ/ സഞ്ചയ പത്രിക പ്രകാരം തുക ₹ | ധനകാര്യപത്രിക പ്രകാരം തുക ₹ |
|---|---|---|
| വസ്തുനികുതി -കുടിശിവരവ് നോൺ റസിഡൻഷ്യൽ | 1,26,260/- | 1,05,560/- |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻ-തൻവർഷ വരവ് | 51,050/- | 48,550/- |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻ-കുടിശിക വരവ് | 5,000/- | 5,900/- |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻ-കുടിശിക | 17,500/- | 18,600/- |

**1-1-5 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.**

സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവും എ.സി.ആർ. ചെലവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ട് ഇനം | എ സി ആർ പ്രകാരം ചെലവ് ₹ | സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് ₹ |
|---|---|---|---|
| 1 | സി എഫ് സി | 52,98,676/- | 46,66,212/- |

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. ( നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

**1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

**വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

പ്രയർ പിരിയഡ് ഐറ്റംസ് ആയി കാണിച്ചിട്ടുള്ള തുകകളുടെ കൃ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ₹2,05,286/- ഹെഡിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

**1-1-8 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുക തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

(I) ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

(Ii) സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്, ടി എസ് സി എന്നീ ഗ്രാന്റുകളുടെ വരവ് , ചെലവ്, ബാധ്യത തുക കൃത്യമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(Iii) B-4 ഷെഡ്യൂളിലെ ലൈഫ് സ്റ്റേറ്റ് ഷെയർ ഫണ്ടിന്റെ ( ഹെഡ് 320100160 ) ബാധ്യത ₹30,10, എന്നാണ് കാണിച്ചിട്ടുള്ളതെങ്കിലും B-17 ഷെഡ്യൂളിൽ ഈ ഹെഡിന്റെ (ഹെഡ് 450210101) പ ബാലൻസ് ₹27,54,938/- എന്നാണ് കാണിച്ചിട്ടുള്ളത്.

(Iv) B-4 ഷെഡ്യൂളിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഹെഡ് 320200104 , ഹെഡ് 320200113) ഫണ്ടി ബാധ്യത ₹25,21,693/- എന്നാണ് കാണിച്ചിട്ടുള്ളതെങ്കിലും B-17 ഷെഡ്യൂളിൽ ഈ ഹെഡി (450210101) ഫണ്ട് ബാലൻസ് ₹24,46,692/- എന്നാണ് കാണിച്ചിട്ടുള്ളത്.

(V) B-2 ഷെഡ്യൂളിലെ ഡിസ്ട്രസ്സ് റിലീഫ് ഫണ്ടിന്റെ (ഹെഡ് 311100101 ) ബാധ്യത ₹19,917/- എന്ന കാണിച്ചിട്ടുള്ളതെങ്കിലും B-17 ഷെഡ്യൂളിൽ ഈ ഹെഡിന്റെ (450210101) ഫണ്ട് ബാലൻസ് ₹10, എന്നാണ് കാണിച്ചിട്ടുള്ളത്.

## 1-1-9 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

(I) വസ്തുനികുതി വരവ്, കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്ട്‌വെയറിലെ കണക്കുകളുമ പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികള മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Iii) സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സ്റ്റോക്കിന്റെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ട

(Iv) വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച അഡ്വാൻസുകളുടെ വിവരം, വർഷാന്ത്യ സംക്ഷ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ പരിശോധന ലഭ്യമാക്കിയിട്ടില്ല.

## 1-1-10 വരവിനങ്ങൾ കൃത്യമായ ഹെഡിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിലെ ₹2,05,163/- പ്രയർ പിരിയഡ് ഐറ്റംസ് അ രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

18/03/2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്ക ബജറ്റ് 17-01-2024 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,38,60,143/- |
| വരവ് | ₹7,38,74,085/- |
| ആകെ | ₹8,77,34,228/- |
| ചെലവ് | ₹5,96,01,533/- |
| നീക്കിയിരിപ്പ് | ₹2,81,32,695/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ₹60,949/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹16,49,722/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിബാക്ക ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതു. | 0 | 1,77,55,000/- | 1,77,55,000/- | 1,68,03,145/- | 9,51,855/- |
| വികസന ഫണ്ട്- എസ് സി പി | 0 | 1,63,74,900/- | 1,63,74,900/- | 1,31,27,158/- | 32,47,742/- |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 95,95,500/- | 95,95,500/- | 24,04,256/- | 71,91,244/- |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 73,22,000/- | 73,22,000/- | 49,50,707/- | 23,71,293/- |
| സിഎഫ് സി-ടൈഡ് ബാങ്ക് | 15,36,614/- | 22,05,000/- | 37,41,614/- | 24,86,649/- | 12,54,965/- |

| | | | | | |
|---|---|---|---|---|---|
| സിഎഫ് സി- അൺടൈഡ്- ബാങ്ക് | 7,25,082/- | 29,87,950/- | 37,13,032/- | 22,88,218/- | 14,24,814/- |

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിബാക്കി ₹ |
|---|---|---|---|---|---|
| ലൈഫ് സ്റ്റേറ്റ് ഷെയർ | 26,80,319/- | 85,72,766/- | 1,12,53,085/- | 82,42,462/- | 30,10,623/- |
| എസ് സി വകുപ്പ് ഫണ്ട് | 2,169/- | 0 | 2,169 | 0 | 2,169 |

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിബാക്കി |
|---|---|---|---|---|---|
| ഐസിഡിഎസ് | 31,52,085/- | 19,88,374/- | 51,40,459/- | 1,82,070/- | 49,58,389/- |
| എസ് ബി എം | 0 | 3,37,396/- | 3,37,396/- | 3,37,396/- | 0 |
| എൻആർഎച്ച് എം | 1,94,763/- | 0 | 1,94,763/- | 0 | 1,94,763/- |
| റ്റിഎസ് സി | 2,96,591/- | 0 | 2,96,591/- | 1,05,606/- | 1,90,985/- |
| ഹെൽത്ത് ഗ്രാന്റ് - ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 37,319/- | 9,13,252/- | 9,50,571/- | 6,62,598/- | 2,87,973/- |
| ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ | 1,382/- | 3,83,552/- | 3,84,934/- | 0 | 3,84,934/- |
| ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് | 0 | 28,14,519/- | 28,14,519/- | 0 | 28,14,519/- |
| ആയുഷ് | 4,50,000/- | 0 | 4,50,000/- | 4,04,076/- | 45,924/- |

സി എഫ് സി, ടിഎസ് സി, എസ് ബി എം ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾക്കായി ഖ. 1-1 12, 1-17 എന്നിവ കൂടി കാണുക. ഈ ഫണ്ടിനങ്ങളുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ന കണക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|---|
| 261 | 22,59,58,418/- | 151 | 8,08,27,720 | - | 110 | 58 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 60/- | 16,80,417/- | 16,80,477/- | 16,80,477/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,45,57,739/- | 4,45,57,739/- | 4,45,57,739/- | 0 |
| ആകെ | 60/- | 4,62,38,156/- | 4,62,38,216/- | 4,62,38,216/- | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14,77,800/- |
| വിധവാപെൻഷൻ | 1,15,51,200/- |
| വാർദ്ധക്യകാലപെൻഷൻ | 2,37,94,700/- |
| വികലാംഗപെൻഷൻ | 41,32,600/- |
| വിവാഹ ധനസഹായം | 60,000/- |
| 50 വയസു കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 6,79,000/- |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 06.11.24, 02.39 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്ത

നടത്തുകയുണ്ടായി. പരിശോധനയിൽ 9,138/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ട

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്ത ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധ കാര്യക്ഷമമമായി പ്രവർത്തിക്കുന്നു.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്ഥിരം സമിതി വിലയിരുത്തി നികുതിപി ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗ ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ പ ഫ്രണ്ട് ഓഫീസ് വരവുകളും ഐ.എൽ.ജി.എം.എസ്. രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ജീവനക്കാരുടെ ശമ ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവു ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. വരവ്-ചെലവുകൾ ധനകാര്യ സ്ഥിരം സമ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ഐ.സി.ഡി.എസ്. സൂപ്പർവൈ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിൽ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലക കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കാനും കഴിയുന്നുണ്ട്. തൊഴിൽ നികുതി പൂർണമാ പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നാളിതുവരെയായി പൂർത്തിയായിട്ടില്ല. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പദ്ധ ലക്ഷ്യം പൂർത്തീകരിക്കുന്നുവെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

പതിനേഴാം വാർഡിലെ അങ്കണവാടിക്കായി 1.62 ആർ സ്ഥലം വാങ്ങിയിട്ടുള്ളത് ആസ്തിയ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വർഷം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.12.2022 | 01.07.22-30.09.22 | 07.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2016 | 2011-12 To 2015-16 | 08.11.2016 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ റേഷൻ വ്യാപാരികൾ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്ത കരാറുകാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി റേഷൻകടകളുടെ ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട വിഷയത്ത വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് റേഷൻ വ്യാപാരികൾ ലൈസ ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കു വരുത്തുന്നതിൽ നിന്നും ബഹു. ഹൈക്കോടതിയ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ടെന്നും കരാറുകാർ, സൂപ്പർവൈസർമാർ എന്നിവരിൽ നി തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകി.

**ഓഡിറ്റ് എൻക്വയറി നം. 3/05.11.2024.**

## 1-12 സി എഫ് സി ഫണ്ടിന്റെ കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ വിവിധ രേഖകൾ പരിശോധിച്ചതിൽ സി എഫ് സി ഫണ്ടിന ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ വ്യത്യസ്ഥമായി രേഖപ്പെടുത്തിയിരിക്കുന്നു. എ സി ആ സുലേഖ, ധനകാര്യപത്രിക, സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ കണക്കുകൾ എന്നിവയ് വിവരങ്ങൾ താഴെ ചേർക്കുന്നു.

സി എഫ് സി ഫണ്ടിന്റെ 2023-24 ലെ ചെലവ്

| ഫണ്ട് ഇനം | എ സി ആർ പ്രകാരം₹ | സുലേഖ പത്രിക ₹ | സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ തുക ₹ |
|---|---|---|---|
| ടൈഡ് | 27,55,977/- | - | 24,86,649/- |
| അൺടൈഡ് | 25,42,699/- | - | 22,88,218/- |
| ആകെ | 52,98,676/- | 46,66,212/- | 47,74,867/- |

സി എഫ് സി ഫണ്ടിന്റെ 31.03.24 ലെ നീക്കിയിരിപ്പ്

| ഫണ്ട് ഇനം | B 4 ₹ | B 17 ₹ | സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ തുക ₹ |
|---|---|---|---|
| ടൈഡ് | 11,50,360/- | - | 12,54,965/- |
| അൺടൈഡ് | 13,71,333/- | - | 14,24,814/- |
| ആകെ | 25,21,693/- | 24,46,692/- | 26,79,779/- |

കണക്കുകളിലെ വ്യത്യാസം സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും കൃത്യമ കണക്കുകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതു നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്ത പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധിക നിർമ്മാണങ്ങൾ, അസസ്സ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൗകര്യത്തിൽ വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും, അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്ത നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. ഫീൽഡ് തല പരിശോധന നടത്തി 5905 കെട്ടിടങ്ങള വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ ഇതുവരെ ആരംഭിച്ചി പഞ്ചായത്തിൽ 9B ഫോറത്തിൽ ആകെ 85 അപേക്ഷകൾ ലഭ്യമായതിൽ 68 അപേക്ഷകളിൽ ന പരിശോധന നടത്തി വസ്തു നികുതി പുതുക്കി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. മുഴു വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി സമയബന്ധിതമായി നിക പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 05/06.11.24**

## 1-14 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

ഹോമിയോ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണാധികാരത്തിൽ 2023-24 ൽ നടപ്പിലാക്ക ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം പണം മുൻകൂറ നൽകിയിട്ടും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോമിയോപ്പതിക് ഫാർമസിയിൽ നിന്ന മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ഫണ്ടിനം. | പിൻവലിച്ച തുക/ ബിൽ നം., തീയതി | മുൻകൂറായി തുക അനുവദിക്കപ്പെട്ട സ്ഥാപനം | ലഭിച്ച മരുന്നുകളുടെ വില | ലഭിയ്ക്കാൻ അവശേഷിക്കു മരുന്നുകളുടെ വില |
|---|---|---|---|---|---|
| | 98/23-24<br>അടങ്കൽ-9,00000/-രൂപ<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം)-500000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-400000/- | 4,00,000/-<br>Bill No-2/23-24/13.11.23<br>25000/-3/23-24/26.3.24 | ഹോംകോ | 1) 130949/- (ഇൻവോയിസ് നം-LF-3214)<br>2. 17381/- (ഇൻവോയിസ് നം-LF-694)<br>3. 7619/- (ഇൻവോയിസ് നം-LF-841)<br>ആകെ-155949/- രൂപ | 269051/-രൂപ |

മരുന്നുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് HOMCO-ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. ലഭിക്ക അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,69,051/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തു

**ഓഡിറ്റ് എൻക്വയറി നം-7/06.11.2024.**

**തടസ്സപ്പെടുത്തുന്ന ചെലവ് തുക-2,69,051/- രൂപ.**

## 1-15 കന്നുകുട്ടി പരിപാലനം -വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്

(I) വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കന്നുകുട്ടി പരിപാലന പദ്ധതി" എന്ന പ്രോജക്റ്റിന വികസനഫണ്ട് (പൊതുവിഭാഗം) -ൽ നിന്നും 12,75,000/- രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി

അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 170/24 | 01/ 30.05.23 | 12,75,000/- രൂപ |

4 മുതൽ 6 വരെ മാസം പ്രായമുള്ള പശുകിടാവുകളെ ഉൾപ്പെടുത്തി അവ 32 മാസം പ്രായം വരെ പ്രസവിക്കുന്ന വരെയോ 50% സബ്സിഡി നിരക്കിൽ എല്ലാമാസവും കാലിത്തീറ്റ നൽകുന്നത പദ്ധതി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 12,75,000/-രൂപയ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് അന്വേഷണകുറിപ്പ് നം.10 /06.11.24**

(Ii) 2015-16, 2022-23 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപ പരിശോധിച്ചതിൽ തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദാംശ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (₹) | ചെലവഴിച്ച തുക (₹) | ബാക്കി തുക (₹) |
|---|---|---|---|
| 2015-16 | 2,81,250/- | 2,68,542/- | 12,708/- |
| 2022-23 | 12,75,000/- | 12,61,284/- | 13,716/- |

നാളിതുവരെ വിനിയോഗിച്ചിട്ടില്ലാത്ത തുക തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഹെഡ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
**തടസ്സപ്പെടുത്തിയ തുക – 12,75,000/-രൂപ.**

## 1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന് അനുവ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം, പേര് | ഫണ്ട് ഇനം , തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക, ചെലവ് വിവരം | കുറിപ്പുകൾ |
|---|---|---|---|
| 282/24 ഏഴാം നമ്പർ അങ്കണവാടിക്ക് കുഴൽകിണർ നിർമ്മാണം | സിഎഫ് സി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ₹98,447, XVFC/P-22 27.03.24 | തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |

ആകെ₹98,447/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് ചെലവ്തുകയുടെ വിനിയേ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18 തീയതി 07.11.24.**
**തടസ്സപ്പെടുത്തിയിട്ടുള്ള തുക – 98,447/-രൂപ.**

## 1-17 പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകൾ വാർഷിക ധനകാര്യ പത്രികയി ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട 'ടോട്ടൽ സാനിട്ടേഷൻ ക്യാംപയിൻ' (ടി എസ് സി), 'സ ഭാരത് മിഷൻ' ( എസ് ബി എം) എന്നീ ഗ്രാന്റുകളുടെ ചെലവുകൾ ധനകാര്യ പത്രികയ രേഖപ്പെടുത്തിയിട്ടില്ല.

ടി എസ് സി ഫണ്ടിന്റെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് (പ്രോജക്ട് നം. 205/24) ₹69, ആണെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയത് പ്രകാരം ചെലവ് ₹1,05,606/- ആണ്. എസ് എം ഫണ്ടിന്റെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് (പ്രോജക്ട് നം. 112/24, 193/24) ₹3,35, ആണെങ്കിലും ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ഈ ഫണ്ടിന്റെ ചെലവ് ₹3,37,396/- ആണ്.

ഫണ്ടുകളുടെ ചെലവ് കണക്കുകളിലെ വ്യത്യാസം വിശദീകരിക്കുന്നതിന് നല്കിയ ഓ അന്വേഷണക്കുറിപ്പിന് (നം. 09/06.11.24) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റുകള ചെലവ് കണക്കുകൾ അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 കിണർ നിർമ്മാണം - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രോജക്ട് : 173/ 24 – മാണിക്യമംഗലം ലക്ഷം വീട് കോളനി കിണർ നിർമ്മാണം പമ്പ് ഹൗസ് നിർമ്മാണം - വാർഡ് 17

നിർവണ ഉദ്യോഗസ്ഥൻ : അസി എൻജിനിയർ

അടങ്കൽ 4,00,000/-രൂപ (വികസന ഫണ്ട് എസ് സി പി)

കരാറുകാരൻ ഷിബുകുമാർ (3,17,633)

ചെലവ് 2,90,327/-രൂപ ( ബിൽ നം 21/ 23 - 24/ 16.03.24 - അസി എൻജിനിയർ )

മാണിക്യമംഗലം ലക്ഷം വീട് കോളനിയിൽ തുറന്ന കിണർ നിർമ്മിച്ച് 2000 ലിറ്റർ കപ്പാസിറ്റിയ ടാങ്കും 2.0 Hp മോട്ടോറും സ്ഥാപിച്ച് കോളനി നിവാസികൾക്ക് ജല ലഭ്യത ഉറപ്പു വരുത്തുന്നതിന ടി പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ നാളിതുവരെയായി കിണറും ടാങ്കും മാത്ര സ്ഥാപിച്ചിട്ടുള്ളൂ. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓ എൻക്വയറിക്ക് കിണർ, വാട്ടർ ടാങ്ക്, പമ്പ് എന്നിവയ്ക്കാണ് സാങ്കേതിക അനുമതി ലഭിച്ചതെ ആയത് പൂർത്തീകരിച്ചിട്ടുണ്ടെന്നും അസി. എൻജിനിയർ മറുപടി ഹാജരാക്കിയിട്ടുണ്ട്. പദ്ധ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി മോട്ടോറും അനുബന്ധ ഉപകരണങ്ങ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പഞ്ചായത്ത് ഭരണസമ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 02/ 02.11.24.**

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് : 46/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.

അടങ്കൽ – ₹ 15,00,000/- (വികസന ഫണ്ട് )

ചെലവ് – ₹ 1,00,000/- ബിൽ നം 03/ 23-24 / തീ 06.12.23, 14/ 23-24/ തീ 14.02.24.

മേൽ പദ്ധതി പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താ നാളിതുവരെയായി ബാക്കി ഗഡുക്കൾ കൈപ്പറ്റുകയോ പണിപൂർത്തിയാക്കുകയോ ചെയ്തി വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| ശ്രീ. ജ്യോതിഷ് കെ, കൂടാരവിള, ഐവർകാല പടിഞ്ഞാറ്റതിൽ, പുത്തനമ്പലം | 50,000/- | 06.12.23 |
| ശ്രീ. ഗോകുൽരാജ്, കാവിന്റെമേലതിൽ, ഐവർകാല, | 50,000/- | 14.02.24 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗോകുൽരാജ് ബേസ്മെന്റിന്റെ പണി പൂർത്തികരിച്ചിട്ടുണ്ടെന്നും ശ്രീ. ജ്യോതിഷിന് പ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തിയാക്കാന നടപടികൾ സ്വീകരിച്ച് പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 01/ 02.11.24.**

## 1-20 പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കേബ ചാർജും കറണ്ട് ചാർജും അടവാക്കി

2023-24 വർഷത്തിലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധ പ്രകാരം ഗ്രാമപഞ്ചായത്തിലെ 5 സ്ഥലങ്ങളിൽ സ്ഥാപിട്ടുള്ള പ്രവർത്തിക്കാത്ത സി.സി.ടി ക്യാമറകൾക്ക് കറണ്ട് ചാർജ്, ഇന്റർനെറ്റ് കേബിൾ ചാർജ് ഒടുക്കിയതിന് തുക ചെലവഴിച്ചത കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) ഇന്റർ നെറ്റ് കേബിൾ ചാർജ്

| കാലയളവ് | നൽകിയ തുക (രൂപ) | ചെക്ക് നം / തിയതി |
|---|---|---|
| 08/23 | 4,250/- | 2225/18-8-23 |
| 11/23 | 1,338/- | 18148/10-11-23 |
| ആകെ | 5,588/- | |

2) കറണ്ട് ചാർജ്

| കാലയളവ് | കൺസ്യൂമർ നം. | സി.സി. ടി.വി ക്യാമറ സ്ഥിതി ചെയ്യുന്ന സ്ഥലം. | നൽകിയ തുക (രൂപ) | ചെക്ക് നം/ തിയതി |
|---|---|---|---|---|
| 4/23 | 1146137026687 | കുന്നത്തൂർ പാലം | 98/- | 163931640/24.4.23 |
| | 1146139026684 | പനന്തോപ്പ് | 127/- | |
| | 1146134026685 | ഭൂതക്കുഴി | 98/- | |
| | | | | |

| | | | | |
|---|---|---|---|---|
| 5/23 | 1146137026687 | കുന്നത്തൂർ പാലം | 98/- | 164290919/9.5.23 |
| | 1146134026685 | ഭൂതക്കുഴി | 98/- | |
| | 1146139026684 | പനന്തോപ്പ് | 127/- | |
| | 1146135026686 | ചെട്ടിയാര് മുക്ക് | 97/- | |
| | 1145893021016 | ഞാങ്കടവ് പാലം | 1190/- | 29792/18-5-23 |
| 6/23 | 1146137026687 | കുന്നത്തൂർ പാലം | 54/- | 165200341/16.6.23 |
| | 1146134026685 | ഭൂതക്കുഴി | 54/- | |
| | 1146139026684 | പനന്തോപ്പ് | 83/- | |
| | 1146135026686 | ചെട്ടിയാര് മുക്ക് | 54/- | |
| | 1145893021016 | ഞാങ്കടവ് പാലം | 367/- | |
| 7/23 | 1146135026686 | ചെട്ടിയാര് മുക്ക് | 98/- | 166004117/19.7.23 |
| | 1146134026685 | ഭൂതക്കുഴി | 98/- | |
| | 1146139026684 | പനന്തോപ്പ് | 113/- | |
| | 1145893021016 | ഞാങ്കടവ് പാലം | 196/- | |
| 8/23 | 1146137026687 | കുന്നത്തൂർ പാലം | 195/- | 166430762/7.8.23 |
| | 1146134026685 | ഭൂതക്കുഴി | 98/- | |
| | 1146139026684 | പനന്തോപ്പ് | 149/- | |
| | 1146135026686 | ചെട്ടിയാര് മുക്ക് | 98/- | |
| 9/23 | 1146137026687 | കുന്നത്തൂർ പാലം | 98/- | 167322017/18.9.23 |
| | 1146134026685 | ഭൂതക്കുഴി | 97/- | |
| | 1146139026684 | പനന്തോപ്പ് | 193/- | |
| | 1146135026686 | ചെട്ടിയാര് മുക്ക് | 97/- | |
